കയും ചെയ്താൽ മാത്രമേ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

കടമപ്പുഴ പാലം പുതുക്കി പണിയാൻ നടപടി

102 (885)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി-ഏലിക്കുളം റോഡിൽ കടമപ്പുഴ പാലം അപകടനിലയിൽ ആണെന്ന വിവരം സർക്കാരിന് അറിയുമോ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയാൻ ടെണ്ടർ വിളിച്ചെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ നിന്ന് അലോട്ട്മെന്റ് മാറിപ്പോയതുകൊണ്ട് ടെണ്ടർ ഉറപ്പിച്ചില്ലെന്ന വിവരം സർക്കാരിന് അറിയുമോ;

(സി) അടിയന്തിരമായി അഡീഷണൽ ഓതറൈസേഷൻ വാങ്ങി പണികൾ എത്രയും പെട്ടെന്ന് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപകടനിലയിൽ ആയിട്ടില്ല. പക്ഷേ ഇത് ഒരു സിംഗിൾ ലൈൻ പാലമായതിനാൽ പുതുക്കി പണിയേണ്ടതുണ്ട്.

(ബി) പ്രസ്തുത പാലം പണിക്ക് ലഭിച്ച ടെണ്ടർ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് ടെണ്ടർ കമ്മിറ്റിയിൽ തീരുമാനം ആയിട്ടില്ല.

(സി) സപ്ലിമെന്ററി ബഡ്ജറ്റിൽ തുക ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

103 (886)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആരക്കുഴമൂഴി പാലം, ചാലിക്കടവ് പാലം എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നാളിതുവരെ ഈ പണികൾക്ക് എന്തു തുക ചെലവഴിച്ചു;

(ബി) ഈ പാലങ്ങളുടെ പണി എന്ന് പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഓരോന്നിനും ബഡ്ജറ്റിൽ എന്തു തുക വിലയിരുത്തിയിട്ടുണ്ട്;

(സി) ആരക്കുഴമൂഴി പാലത്തിന്റെ പണി നടത്തിയതിന്റെ തുക സർക്കാർ നൽകാത്തത് കാരണം കരാറുകാർ പണി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പാലങ്ങളുടെ പണി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക ഏതു വിധത്തിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly